**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജവഹർ ഭവന പദ്ധതി - 8 വർഷമായി താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസക്കാരായവർക്കും വീട് നൽകുവാനുള്ള അനുവാദം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.585/16/തസ്വഭവ തിരുവനന്തപുരം, തീയതി :12.02.2016

പരാമർശം - 1 ) സ.ഉ.(സാധാ)നം.1136/15/തസ്വഭവ തീയതി 16.04.2015.

2) ശ്രീ.റോഷി അഗസ്റ്റിൻ, എം.എൽ.എയുടെ 20.01.2016 ലെ 2744/ ആർ.എ/ ജനറൽ/16 നമ്പർ കത്ത്.

**ഉത്തരവ്**

ഐ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം നൽകിയ ഇളവ് ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന ജവഹർ ഭവന പദ്ധതിയ്ക്ക് കൂടി ബാധകമാക്കണമെന്ന് സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ജവഹർ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ഭൂമിയുടെ പട്ടയമോ കൈവശാവകാശ രേഖയോ ഇല്ലാത്ത അവസരത്തിൽ 8 വർഷമായി അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസക്കാരനാണെന്ന റവന്യൂ അധികാരികളുടെ (വില്ലേജ് ഓഫീസർ) സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് നൽകുന്നതിനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് നിലവിലുള്ള മറ്റ് മാനദണ്ഡങ്ങളെല്ലാം പാലിയ്ക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ശോഭന**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ ( എ &ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ വകുപ്പ് ഓഫീസ് സെക്ഷൻ
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ